**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1725 04.10.2016-ൽ മറുപടിയ്ക്ക്**

**സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി**

ചോദ്യം

**ശ്രീ.പാറക്കൽ അബ്ദുല്ല:**

(എ) കുറ്റ്യാടി നിയോജക മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി ഇതിനകം നടത്തിയ പ്രവൃത്തികൾ എന്തൊക്കെ;

(ബി) പദ്ധതിയുടെ ഭാഗമായി എത്ര വീടുകൾ ഇതിനകം പുതുതായി വൈദ്യുതീകരിച്ചു; ഇനിയെത്ര വീടുകൾ കൂടി വൈദ്യുതീകരിക്കുന്നതിനായി ബാക്കിയുണ്ട്; വ്യക്തമാക്കാമോ;

(സി) പുതുതായി വൈദ്യുതീകരിച്ച വീടുകളുടെയും ഇനി വൈദ്യുതീകരിക്കാൻ ബാക്കിയുള്ള വീടുകളുടെയും എണ്ണം പഞ്ചായത്ത് തലത്തിൽ എത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) പദ്ധതിക്കായി ഇതിനകം എത്ര തുക ചെലവായി;

(ഇ) പദ്ധതി പൂർത്തീകരിച്ച് എന്നത്തേക്ക് സമ്പൂർണ്ണ വൈദ്യുതീകരണ പ്രഖ്യാപനം നടത്താനാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ശ്രീ. കടകംപള്ളി സുരേന്ദ്രൻ

(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി)

(എ, (ബി) & (സി) സമ്പൂർണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി, ലഭ്യമായ അപേക്ഷകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതനുസരിച്ചുള്ള ഫണ്ട് ലഭ്യമാകുന്ന മുറക്ക് പ്രവൃത്തികൾ പൂർത്തീകരിച്ച് വൈദ്യുത കണക്ഷൻ നൽകുന്നതാണ്. പദ്ധതിയുടെ ഭാഗമായി ഇതുവരെ വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകിയിട്ടില്ല. വൈദ്യുതീകരണം നടത്താൻ ബാക്കിയുള്ള വീടുകളുടെ എണ്ണം പഞ്ചായത്ത് തലത്തിൽ ചുവടെ ചേർക്കുന്നു.

| നമ്പർ | പഞ്ചായത്ത് | വീടുകളുടെ എണ്ണം |
|---|---|---|
| 1 | കുറ്റ്യാടി | 45 |
| 2 | വേളം | 121 |
| 3 | കുന്നുമ്മൽ | 29 |
| 4 | ആയഞ്ചേരി | 41 |
| 5 | തിരുവള്ളൂർ | 105 |
| 6 | മണിയൂർ | 166 |
| 7 | വില്ല്യാപ്പള്ളി | 53 |
| 8 | പുറമേരി | 43 |
| ആകെ | | 603 |

(ഡി) പദ്ധതിയ്ക്കായി തുകയൊന്നും ചെലവഴിച്ചിട്ടില്ല

(ഇ) 2017 മാർച്ച് മാസത്തോട് കൂടി.

Hemalatha

**സെക്ഷൻ ഓഫീസർ**